**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1713** **05-07-2022 - ൽ മറുപടിയ്ക്ക്**

**കേരള സർവകലാശാലയിൽ നാക് അക്രെഡിറ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവ്വകലാശാലയിൽ നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് വിവിധ നിർമ്മാണേതര പ്രവർത്തനങ്ങൾക്കും ചെലവുകൾക്കുമായി ആകെ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് വിവിധ നിർമ്മാണേതര പ്രവർത്തനങ്ങൾക്കും, ചെലവുകൾക്കുമായി 2021-2022 സാമ്പത്തിക വർഷത്തിലും 2022-2023 സാമ്പത്തിക വർഷത്തിലും 50,00,000/- (അൻപത് ലക്ഷം) രൂപ വീതം യൂണിവേഴ്സിറ്റി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2021-22 സാമ്പത്തിക വർഷത്തിൽ 1,50,00,000/- (ഒന്നര കോടി) രൂപയും, 2022-2023 സാമ്പത്തിക വർഷത്തിൽ 2,50,00,000/- (രണ്ടര കോടി) രൂപയും യൂണിവേഴ്സിറ്റി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഓരോ ഇനത്തിലും എത്ര തുക വീതം വകയിരുത്തിയെന്ന് വ്യക്തമാക്കാമോ; വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് ആകെ എത്ര തുകയാണ് വകയിരുത്തിയത്; | (ബി) | (എ)-യിൽ നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ചെലവുകൾ ഏതു ഫണ്ടിൽ നിന്നും കണ്ടെത്തുന്നുവെന്നും വ്യക്തമാക്കാമോ? | (സി) | നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ യൂണിവേഴ്സിറ്റിയുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തുന്നു. |

സെക്ഷൻ ഓഫീസർ